പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3731 17.12.2015-ലെ മറുപടിക്ക്

ജയിലുകളുടെ നവീകരണം

ചോദ്യം

ശ്രീ.സണ്ണി ജോസഫ്

ശ്രീ.എം.പി.വിൻസെന്റ്

ശ്രീ.അൻവർ സാദത്ത്

ശ്രീ.എ.റ്റി.ജോർജ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) (i) 2016-17 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം പദ്ധതിയിൽ താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.<br>1) വിയ്യൂരിലെ അതീവ സുരക്ഷാ ജയിലിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുക.<br>2) പത്തനംതിട്ട ജില്ലാ ജയിലിലെ ഒന്നാംഘട്ട നിർമ്മാണം.<br>3) ആലപ്പുഴ ജില്ലാ ജയിലിന്റെ ഒന്നാംഘട്ട നിർമ്മാണം.<br>4) പരിശീലന പദ്ധതികൾ.<br>5) മൂന്ന് സെൻട്രൽ ജയിലുകളിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തൽ.<br>6) ജയിൽ അടുക്കളകളുടെ നവീകരണം.<br>7) മൂന്ന് സെൻട്രൽ ജയിലുകളിലെ തടവുകാരുടെ ഉപയോഗത്തിനായി 2000 കട്ടിലുകൾ വാങ്ങുക.<br>8) പഴക്കമുള്ള ജയിൽ കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനം.<br>(ii) തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br>1) ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുക.<br>2) തടവുകാർക്കുള്ള വിവിധ തൊഴിൽ പരിശീലന പദ്ധതികൾ.<br>3) മൂന്ന് സെൻട്രൽ ജയിലുകളിൽ ആധുനിക സൗകര്യങ്ങളുള്ള ഇന്റർവ്യൂ ഹാൾ നിർമ്മിക്കുക.<br>4) മൂന്ന് സെൻട്രൽ ജയിലുകളിലും രണ്ട് |

| | |
|---|---|
| | തുറന്ന ജയിലുകളിലും യോഗ ഉൾപ്പെടെയുള്ള വിവിധ കായിക പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുക.<br>5) മൂന്ന് സെൻട്രൽ ജയിലുകളിലും എല്ലാ മതവിഭാഗങ്ങളിലുംപെട്ട തടവുകാർക്കായി പ്രാർത്ഥനാ ഹാളുകൾ നിർമ്മിക്കുക.<br>മേൽപ്പറഞ്ഞ രണ്ട് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് പുറമെ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന തവനൂർ സെൻട്രൽ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, മുട്ടം ജില്ലാ ജയിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നീ പുതിയ ജയിലുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) തടവുകാർക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, തടവുകാരുടെ ബാഹുല്യം മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക, ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സാമൂഹ്യ ജീവിതത്തിന് പര്യാപ്തരാക്കുക, ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ